# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1876 — 15.07.2016-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| എ) സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രകാരം വെച്ച് പിടിപ്പിക്കുന്ന വൃക്ഷത്തൈകൾ നഷ്ടപ്പെട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ നഷ്ടപ്പെട്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും വിധത്തിൽ തൈകൾ നശിച്ചുപോയാൽ പോക്കുതൈകൾ മാറ്റിവയ്ക്കുന്ന-തിലേക്കായി തുടർന്നും തൈകൾ വിതരണം ചെയ്യാറുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം വെച്ച് പിടിപ്പിക്കുന്നത് ഫലവൃക്ഷത്തൈകൾ ആക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; | ബി) ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാന സാമൂഹ്യ വനവൽക്കരണ പദ്ധതിയായ ഹരിത കേരളം പദ്ധതിയിൽ മാവ്, പ്ലാവ് , മാതളം , ഞാവൽ മുതലായ ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. |
| സി) പ്രസ്തുത പദ്ധതി പ്രകാരം വെച്ചുപിടിപ്പിക്കുന്ന തൈകൾക്ക് നിരന്തരമായ സംരക്ഷണവും മേൽനോട്ടവും ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ? | സി) ഹരിതകേരളം പദ്ധതിയിൻ കീഴിൽ **'എന്റെ മരം'**, **'നമ്മുടെ മരം'**, **'വഴിയോരത്തണൽ'** എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികളിൽ നട്ടു പിടിപ്പിക്കുന്ന തൈകളുടെ തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണം എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിദ്യാർത്ഥികൾ നട്ടു വളർത്തുന്ന വൃക്ഷത്തൈകളുടെ പരിപാലനം വിലയിരുത്തുന്നതിന് അതത് വിദ്യാലയങ്ങളിലെ അദ്ധ്യാപകർ , പി.റ്റി.എ പ്രസിഡന്റ്, വനം വകുപ്പ് |

ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

വഴിയോരത്തണൽ പദ്ധതി പ്രകാരം നട്ട തൈകൾ ട്രീ. ഗാർഡ് വച്ച് സംരക്ഷിക്കുകയും , ചില സ്ഥലങ്ങളിൽ വേനൽക്കാലത്ത് വെള്ളം നനച്ച് പരിചരിക്കുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**